# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1532** **03.12.2018-ൽ മറുപടിയ്ക്ക്**

## <u>മത്സ്യ വിപണനവും ഗുണനിലവാരവും</u>

| <u>ചോദ്യം</u><br>ഡോ.എം. കെ. മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും<br>കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) ഇടനിലക്കാരെ ഒഴിവാക്കി മികച്ച മത്സ്യം ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | ബി) ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് 31 ഫിഷ് മാർട്ടുകൾ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ലഭ്യമാക്കുന്നതിന് 'അന്തിപച്ച'യെന്ന പേരിൽ ഒരു മൊബൈൽ ഫിഷ് മാർട്ടും പ്രവർത്തിച്ചുവരുന്നു. ഇടനിലക്കാരെ നിയന്ത്രിക്കുന്നതിനും പിടിച്ചെടുക്കുന്ന മത്സ്യം ഗുണനിലവാരത്തോടെ അവസാനത്തെ ഉപഭോക്താവിലെത്തിക്കുന്നതിന് ഉദ്ദേശിച്ച് മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം ബിൽ കൊണ്ടുവരുന്നതാണ്. |
| സി) വിഷം കലരാത്ത മത്സ്യത്തിന്റെ ലഭ്യതയും വിലസ്ഥിരതയും ഉറപ്പുവരുത്തുന്നതിന് സർക്കാർ നിയന്ത്രണത്തിൽ കൂടുതൽ മത്സ്യ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) നിലവിലുള്ള 31 ഫിഷ് മാർട്ടുകൾക്കുപുറമെ 20 ഫിഷ് മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും 6 ഫിഷ് മാർട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ലഭ്യമാക്കുന്നതിന് കൂടുതൽ ഫിഷ് മാർട്ടുകളും മൊബൈൽ ഫിഷ് വെൻഡിംഗ് യൂണിറ്റുകളും, ഓൺലൈൻ മത്സ്യവിൽപ്പനയും മത്സ്യഫെഡ് വഴി നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. |

**സെക്ഷൻ ആഫീസർ**